## അദ്ധ്യായം 4

# മണിയങ്ങാട്ടു തൈക്കുന്നുംപുറം കുടുംബം

വടക്കേ മണിയങ്ങാട്ടു പൂർവ്വ കുടുംബനാഥനായ കുര്യൻകാരണവരുടെ മൂത്തമകൻ തൊമ്മൻ തറവാട്ടിൽനിന്നുമാറി തൈക്കുന്നുംപുറം പുരയിടത്തിൽ താമസമാക്കി സൗകര്യം പ്രമാണിച്ച് തറവാട്ടിൽ നിന്നു മാറിയെങ്കിലും തലമുറക്രമത്തിൽ മൂപ്പു സ്ഥാനീയനായ തൊമ്മനെ, കുടുംബനാമത്തോടു ചേർത്ത് മണിയങ്ങാട്ടു തൈക്കുന്നും പുറത്തുതൊമ്മൻ എന്നു സംബോധന ചെയ്യുന്നത് യുക്തിപൂർവ്വമായിരിക്കുമെന്നു കരുതുന്നു.

മണിയങ്ങാട്ടു തൈക്കുന്നുംപുറത്തു തൊമ്മൻ 1820 ജൂൺ10-ാം തീയതി ജനിച്ചു എന്നു കാണുന്നു.

കുരുവിനാൽ ഇടവക മണ്ണനാൽ കുടുംബാംഗമായ അന്നമ്മയെ ആണ് തൊമ്മൻ സ്വകുടുംബിനിയാക്കിയത്. തൊമ്മൻ - അന്നമ്മ ദമ്പതികൾക്ക് കുര്യൻ എന്നൊരു പുത്രനും ഏഴു പുത്രിമാരും ജനിച്ചു.

മൂത്തപുത്രിയെ പെരുകിലക്കാട്ട് ഔസേപ്പ് വിവാഹം ചെയ്തു. രണ്ടാമത്തെ പുത്രി വലവൂർ ഇടവകയിൽ വിവാഹിതയായി. മൂന്നാമത്തെ മകൾ മാറിടം പനയ്ക്കാത്തോട്ടത്തിൽ കുടുംബത്തിലേക്ക് വിവാഹം ചെയ്തയക്കപ്പെട്ടു. നാലാമത്തെ പുത്രിയെ കിഴതടിയൂർ താണ്ടാംപറമ്പിൽ കുടുംബത്തിലേക്കാണ് വിവാഹം ചെയ്തയച്ചത്. അഞ്ചാമത്തെ മകൾ ഇടപ്പാടി പൈകട കുടുംബാംഗമായി മാറി. ചേർപ്പുങ്കൽ ചെറുകരക്കുന്നേൽ സ്കറിയായാണ് ആറാമത്തെ പുത്രിയെ വിവാഹം കഴിച്ചത്. തൊമ്മൻ - അന്നമ്മ ദമ്പതികളുടെ ഏഴാമത്തെ പുത്രിയെ ചേർപ്പുങ്കൽ വട്ടമറ്റം കുടുംബത്തിലും വിവാഹം ചെയ്തയച്ചു.

പിന്നീട് തൊമ്മൻ 1918 ഏപ്രിൽ 16-ാം തീയതി 98-ാം വയസ്സിൽ ഈ ലോകവാസം വെടിഞ്ഞു. മാതാവ് അന്നമ്മ നേരത്തെ നിര്യാണം പ്രാപിച്ചിരുന്നു.

തൈക്കുന്നംപുറത്തു തൊമ്മന്റെ ഏക പുത്രൻ കുര്യൻ കൊഴുവനാൽ പുവത്തോട്ടത്തിലായ മൂങ്ങാത്തോട്ടു വീട്ടിൽ കുര്യന്റെ മകൾ റോസയെ ജീവിത പങ്കാളിയാക്കി. ഈ ദമ്പതികൾക്ക് തൊമ്മൻ, കുര്യൻ എന്ന രണ്ടുപുത്രന്മാരും അന്നമ്മ, കുഞ്ഞേലി എന്ന രണ്ടു പുത്രിമാരും ഭൂജാതരായി.

കുടുംബനാഥനായ കുര്യൻ കുടുംബഭാരം മുഴുവൻ ഭാര്യ റോസയുടെ ചുമലിൽ ഏല്പിച്ചിട്ട്, 46-ാം വയസ്സിൽ 1896-ൽ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

മാതാവ് റോസ അവസരത്തിനൊത്ത് അന്ന് കുടുംബകാര്യങ്ങളിൽ ശ്രദ്ധാലുവായി.

മൂത്തമകൾ അന്നമ്മയെ മറ്റക്കരെ വടക്കേടത്തു വീട്ടിൽ ഉലഹന്നൻ സ്വസഹധർമ്മിണിയാക്കി. ഈ ദമ്പതികൾക്ക് എട്ട് ആണും രണ്ടു പെണ്ണും സന്താനങ്ങളുണ്ടായി.

രണ്ടാമത്തെ മകൾ കുഞ്ഞേലി കാഞ്ഞിരമറ്റം പ്ലാത്തോട്ടത്തിൽ ഉലഹന്നന്റെ പത്നിയായി. കുഞ്ഞേലി - ഉലഹന്നാൻ ദമ്പതികൾക്ക് ഒരു പുത്രനും രണ്ടു പുത്രിമാരും സന്താനങ്ങളായുണ്ട്.

പിതാവു മരിക്കുമ്പോൾ കേവലം പതിന്നാലുകാരനായിരുന്ന മൂത്തമകൻ തൊമ്മൻ (വലിയകൊച്ച്) വളർന്നു വലുതായപ്പോൾ കാഞ്ഞിരപ്പള്ളി ഇടവക അഞ്ചനാട്ടു പൈലോ പണിക്കർ റോസമ്മ ദമ്പതികളുടെ മകൾ ഏലമ്മയെ വിവാഹം ചെയ്തു. തൊമ്മൻ - ഏലമ്മ ദമ്പതികളുടെ സന്താനങ്ങളായി കുര്യൻ, പൈലോ, ജോസഫ്, തോമസ്, മത്തായി, ജോൺ എന്നീ പുത്രന്മാരും മറിയാമ്മ, റോസമ്മ, ഏലിക്കുട്ടി എന്നീ പുത്രിമാരും ഭൂജാതരായി.

ഇവരിൽ സീമന്തപുത്രൻ കുര്യൻ കൊഴുവനാൽ കല്ലൂർക്കുളം തെക്കേക്കുറ്റു തൊമ്മൻ - മറിയം മകൾ അന്നമ്മയെ പാണിഗ്രഹണം ചെയ്തു. ഇവർക്ക് പാപ്പച്ചൻ എന്നൊരു മകനും പെണ്ണമ്മ, മാമ്മി, കുട്ടിയമ്മ, തെയ്യാമ്മ എന്നു നാലുപുത്രിമാരും ഉണ്ടായി. പാപ്പച്ചൻ ചെറുപ്പത്തിലേ മരണം അടഞ്ഞു.



**മണിയങ്ങാട്ട് തൈക്കുന്നുംപുറം പൈലോയും ഭാര്യയും**

തൊമ്മൻ- ഏലമ്മ ദമ്പതിമാരുടെ രണ്ടാമത്തെ മകൻ പൈലോ മറ്റക്കര വട്ടംതൊട്ടിയിൽ ദേവസ്യാ-മറിയം മകൾ അന്നമ്മയെ സ്വകുടുംബിനിയാക്കി. അന്നമ്മ സന്താനരഹിതയായി ചരമം പ്രാപിച്ചതിനെ തുടർന്ന് കുരോപ്പട പൊടിമറ്റത്തിൽ ഔസേപ്പ് - ഏലിയാമ്മ മകൾ റോസമ്മയെ പുനർവിവാഹം ചെയ്തു. ഈ ദമ്പതിമാർക്ക് കുട്ടിയച്ചൻ, ഔസേപ്പച്ചൻ, ബേബി എന്നീ പുത്രന്മാരും ഏലിയാമ്മ, മങ്കമ്മ, മറിയാമ്മ, ആനിയമ്മ എന്നീ പുത്രിമാരും ഉണ്ടായി.

തൊമ്മൻ- ഏലമ്മ ദമ്പതിമാരുടെ മൂന്നാമത്തെ മകൻ ജോസഫ് തറവാട്ടിൽ താമസിച്ചു. വാഴൂർ ചെങ്കൽപള്ളി ഇടവക കാക്കശ്ശേരിൽ വർക്കി - ഏലിയാമ്മ മകൾ മറിയക്കുട്ടി സഹധർമ്മിണിയായി. തോമസ്, എൽസി, ജോർജ്, ഫ്രാൻസിസ്, മേരിക്കുട്ടി എന്നിവരാണ് സന്താനങ്ങൾ ഇവരിൽ ജോർജും, ഫ്രാൻസീസും ജീവിച്ചിരുപ്പില്ല.

തൊമ്മൻ - ഏലമ്മ ദമ്പതിമാരുടെ നാലാമത്തെ മകൻ തോമസ് പാദുവാ ഇടവക കീഴാരണത്തിൽ വർക്കി-റോസ മകൾ ഏലിയാമ്മയെ വിവാഹം ചെയ്തു. ഇവർക്ക്, തോമസുകുട്ടി, ഫാ. ജോർജുകുട്ടി, ഫാ. ജോസ് എന്നു മൂന്നുപുത്രന്മാരും മേഴ്സി, സിസ്റ്റർ ഡെയ്സി (ഷില്ലോംഗ്), ഷെൽസി (നഴ്സ്) വടകര, ഷോൽസി, ബിൻസി (നഴ്സ്, മംഗലാപുരം) എന്ന് അഞ്ചുപുത്രിമാരും ഉണ്ട്. തോമസ് - ഏലിയാമ്മ കുടുംബം കണ്ണൂർ വായിട്ടുപറമ്പ് ഇടവകയിൽ താമസിക്കുന്നു. പിതാവ് തോമസ് 1990-ൽ നിര്യാതനായി.

തൊമ്മൻ- ഏലമ്മ ദമ്പതിമാരുടെ അഞ്ചാമത്തെ സന്താനമായ മത്തായി അവിവാഹിതനായി സ്വസ്ഥജീവിതം നയിക്കുന്നു.

തൊമ്മൻ-ഏലമ്മ ദമ്പതിമാരുടെ ആറാമത്തെ സന്താനമായ ജോൺ കൊല്ലത്തിനു സമീപം ചെമ്മക്കാട്ടു താമസിക്കുന്നു. ഇദ്ദേഹം അധ്യാപകവൃത്തിയിൽ നിന്നു വിരമിച്ചു. ഭാര്യ പാലാ വിളവീട്ടിൽ ശാന്തമ്മയും അധ്യാപികയാണ്. ഈ അധ്യാപകദമ്പതികൾക്ക് അധ്യാപികയായ പ്രിയ എം.കോം. വിദ്യാർത്ഥിനി പ്രശാന്തി, ഡോ പ്രിയേഴ്സ് ടോം ജോൺ എന്നു മൂന്നു മക്കളുണ്ട്.

തൊമ്മൻ-ഏലമ്മ ദമ്പതിമാരുടെ മൂത്തപുത്രി മറിയാമ്മ മൂഴൂർ ഇടവക കുഴികോടിൽ അബ്രാഹം - റോസ മകൻ സെബാസ്റ്റ്യന്റെ പത്നിയായി. മറിയാമ്മ- സെബാസ്റ്റ്യൻ ദമ്പതികൾക്ക് അബ്രാഹം, തോമസ്, ജോസ് എന്ന മൂന്നുപുത്രന്മാരും റോസമ്മ സി.എം.സി. സന്യാസ സഭാംഗങ്ങളായ സി. മെർലിൻ, സി. ധന്യ അധ്യാപിക യായ ആനിയമ്മ - ജോയി എന്ന് നാലുപുത്രിമാരും ഉണ്ട്.

തൊമ്മൻ-ഏലമ്മ ദമ്പതിമാരുടെ രണ്ടാമത്തെ പുത്രി റോസ മ്മയെ കൂരോപ്പട ഹോളിക്രോസ് ഇടവക കാവുങ്കൽ ഉലഹന്നൻ സ്വകുടുംബിനിയാക്കി. ഇവർക്ക് ജോസ്, തോമസ്, മേരി എന്നുമൂ ന്നുമക്കൾ.

ഇളയ മകൾ ഏലിക്കുട്ടി അവിവാഹിതയായി എളിയ രീതി യിൽ സാമൂഹികപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് തൈക്കുന്നുംപുറത്തു തറവാട്ടിൽ സഹോദരൻ ജോസഫിനോടൊത്തു താമസിക്കുന്നു.

പിതാവ് തൊമ്മൻ 1950 സെപ്റ്റംബർ 15-ാം തീയതിയും മാതാവ് ഏലമ്മ 1955 ഒക്ടോബർ 16-ാം തീയതിയും കർത്താവിൽ നിദ്ര പ്രാപിച്ചു.

തൈക്കുന്നുംപുറത്ത് കുര്യൻ-റോസ ദമ്പതിമാരുടെ രണ്ടാ മത്തെ മകൻ കുര്യൻ (കുട്ടി) നെടുംതകടിയേൽ തൊമ്മൻ-ത്രേസ്യാ മകൾ അന്നമ്മയെ പരിണയിച്ചു തറവാട്ടിൽ നിന്നു മാറിത്താമസിച്ച ഈ ദമ്പതികൾക്ക് തോമസ് (പാപ്പച്ചൻ) പെണ്ണമ്മ, മേരി കുട്ടിയമ്മ (അന്നമ്മ) തെയ്യാമ്മ എന്നിവരാണ് സന്താനങ്ങൾ.

തോമസ് കൊഴുവനാൽ കരോട്ടുകൈപ്പൻപ്ലാക്കൽ ജോസഫ് - ഏലിയാമ്മ മകൾ മറിയാമ്മയെ ജീവിത പങ്കാളിയാക്കി. ഈ ദമ്പ

തികൾക്ക് റെജിമോൻ, സിറിയക്ക്, റീജാ ആൻ, രാജൻ തോമസ്, രശ്മി, റാണി എന്നിവർ മക്കളാണ്. റെജിമോൻ വായാട്ടുപറമ്പ് ഹൈസ്കൂൾ ക്ലാർക്കാണ്. മറ്റു നാലുപേരും ഗുജറാത്തിൽ അഹമ്മദാബാദിൽ ജോലിനോക്കുന്നു.

ഈ കുടുംബം കണ്ണൂർ ജില്ലയിൽ വായാട്ടുപറമ്പിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു. പിതാവ് തോമസ് കുര്യൻ 1979-ൽ അകാലചരമം പ്രാപിച്ചു കുര്യന്റെ (കുട്ടി) യുടെ മൂത്തമകൾ പെണ്ണമ്മയെ മണ്ണാർകാട്ട് ചെറുകരക്കുന്നേൽ സ്കറിയാ വിവാഹം ചെയ്തു. ഇവർക്ക് ബേബി, ബെന്നി, ഡെന്നി, ജോബി എന്നീ പുത്രന്മാരും മൂന്നുപുത്രിമാരും ഉണ്ട്. ഡെയ്സി എന്ന മകൾ ഭർത്താവിനോടു കൂടി അഹമ്മദാബാദിൽ ജോലി ചെയ്യുന്നു. വേറെ രണ്ടു മക്കളും അവിടെത്തന്നെ ജോലിയിലാണ്.

കുര്യൻ- അന്നമ്മമാരുടെ രണ്ടാമത്തെ മകൾ മേരി (മാമ്മി) എടൂർ, കുറിഞ്ഞിമല കുടുംബത്തിൽ വിവാഹിതയായി. ഭാര്യയും ഭർത്താവും റിട്ടയർ ചെയ്ത അധ്യാപകർ. ഇവർക്കു രണ്ടുമക്കളുണ്ട്.

കുര്യൻ - അന്നമ്മ ദമ്പതികളുടെ മൂന്നാമത്തെ മകൾ അന്നമ്മ (കുട്ടിയമ്മ) പെരുമ്പാവൂർ തേയ്ക്കാനത്തു വീട്ടിൽ ചാക്കോയുടെ കുടുംബിനിയാണ്. ഇവർ ഇരുവരും അഹമ്മദാബാദിൽ സർക്കാർ ജീവനക്കാരായി കഴിയുന്നു. രണ്ടുമക്കൾ - ഒരാണും ഒരു പെണ്ണും. ഇരുവരും വിദ്യാർത്ഥികളാണ്. കുര്യൻ - അന്നമ്മമാരുടെ ഇളയമകൾ തെയ്യാമമ്മയെ പിറവം ഈണംകാട്ടിൽ പൗലോസ് (ബേബി) ജീവിത പങ്കാളിയാക്കി. ഇവരു സർക്കാർ സർവ്വീസിലാണ് ഇവർക്ക് രണ്ടുമക്കൾ. ഒരാണും ഒരു പെണ്ണും മകൾ ജോലിയിലായി.

തോമസ് - മറിയാമ്മ ദമ്പതികളുടെ പുത്രൻ റെജിമോൻ സിറിയക്കും വിവാഹിതനാണ്. ഭാര്യ പാലക്കാട്ടു സ്വദേശിനിയാണ്. ഇവർക്ക് മൂന്നുമക്കൾ.

തൈക്കുന്നുംപുറത്തു തറവാട്ടിൽ താമസിച്ചിരുന്ന തൊമ്മൻ-ഏലമ്മ ദമ്പതികളുടെ രണ്ടാമത്തെ മകൻ പൈലോ -റോസമ്മ ദമ്പതികളെപ്പറ്റി ഇതിനുപരി പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇവരുടെ മൂത്ത മകൻ തോമസ് (കുട്ടിയച്ചൻ) പാളയം ഇടവക കവുങ്ങുംതോട്ടത്തിൽ മാത്തൻ-ത്രേസ്യാമ്മ മകൾ ഏലിക്കുട്ടിയെ വിവാഹം കഴിച്ചു.

ഇവർക്കു മൂന്നുമക്കളുണ്ട്. മൂത്തമകൾ മിനി (റോസമ്മ) ശ്രീകണ്ഠപുരം ഇടവകയിൽ വിവാഹിതയായി. സിന്ധു (ത്രേസ്യാമ്മ) സൗദിയിൽ നഴ്സ് ആണ്. ചെറുപുഴ ഇടവകയിൽ വിവാഹം ചെയ്തിരിക്കുന്നു. തോമസ് - ഏലിക്കുട്ടി ദമ്പതിമാരുടെ ഏകപുത്രൻ സജി (പോൾ) യും വിവാഹിതനാണ്. മൂന്നു മക്കളുണ്ട്. സജി കൃഷികാര്യങ്ങളിൽ വ്യാപൃതനായിരിക്കുന്നു.

പൈലോ - റോസമ്മ ദമ്പതികളുടെ ദ്വിതീയ പുത്രൻ ഔസേപ്പച്ചൻ ചപ്പാരപ്പടവ് ഹൈസ്കൂൾ അധ്യാപകനായിരുന്നു. റിട്ടയർ ചെയ്തു വൈക്കം തണ്ണീരിയിൽ ജേക്കബിന്റെ മകൾ ലൂസിയാണ് സഹധർമ്മിണി. ഇവർക്ക് ബിജു (പോൾ) സുജ (റോസ്) എന്ന രണ്ടുമക്കൾ. സുജ നഴ്സ് ആണ് ഭർത്താവ് സ്കൂൾ അധ്യാപകനും. ഈ കുടുംബം ചെറുപുഴയിൽ താമസിക്കുന്നു. ബിരുദധാരിയായ ബിജുവും വിവാഹിതനാണ്.

പൈലോ - റോസമ്മ ദമ്പതിമാരുടെ ഇളയപുത്രൻ ബേബി (പോൾ) വായാട്ടുപറമ്പ് ഹൈസ്കൂളിൽ ചിത്രകലാദ്ധ്യാപകനാണ്. ചുണ്ടകുന്ന് മേപ്രത്ത് ചെറിയാന്റെ മകൾ ഏലിയാമ്മ (വത്സമ്മ) യാണ് ഭാര്യ. ഇവർക്ക് രണ്ടുമക്കൾ. ജിസ്മിമോൾ നഴ്സിംഗ് പഠനത്തിലാണ് ഏകമകൻ പോൾ, ജെന്റിൽനഗർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥി.

പൈലോ - റോസമ്മമാരുടെ മൂത്തമകൾ ഏലിയാമ്മയെ വിമലഗിരി ഇടവകയിൽ ചേരാടിവീട്ടിൽ വർക്കി വിവാഹം ചെയ്തു. ഇവർക്കു മൂന്നുമക്കൾ. എല്ലാവരും വിദ്യാർത്ഥികളാണ്.

പൈലോ - റോസമ്മമാരുടെ രണ്ടാമത്തെ പുത്രി മങ്കമ്മ എന്ന എലിസബത്ത് റോസ് പോൾ തിരുഹൃദയസഭയിൽ ചേർന്ന് വ്രതവാഗ്ദാനം ചെയ്തു സന്യസ്തജീവിതം നയിക്കുന്നു.

പൈലോ - റോസമ്മമാരുടെ മൂന്നാമത്തെ മകൾ മറിയാമ്മ ചെമ്പൻതൊട്ടി മഠത്തിപ്പറമ്പിൽ അന്തോനിയുടെ പത്നിയാണ്. ഇവർക്ക് സേവ്യർ (ജിസ്) പോൾ (ജിബിൻ) എന്ന രണ്ടുപുത്രന്മാർ.

പൈലോ - റോസമ്മ ദമ്പതിമാരുടെ ഇളയ മകൾ ആനിയമ്മ ചെമ്പൻതൊട്ടി കാരിവേലിൽ സെബാസ്റ്റ്യന്റെ കുടുംബിനിയാണ്.

ഇവർക്ക് റ്റീനാമോൾ എന്നൊരു കുട്ടിയുണ്ട്. ഈ കുടുംബം ഇപ്പോൾ നെടുങ്കണ്ടത്തിനടുത്തു കല്ലാർപാലത്തു താമസിക്കുന്നു. പിതാവ് പൈലോ 89-ാം വയസ്സിലും സാമാന്യം ആരോഗ്യവാനായി വായാട്ടുപറമ്പിൽ കഴിയുന്നു.

മണിയങ്ങാട്ടു തറവാട്ടിൽ താമസിച്ചിരുന്ന തൊമ്മൻ-ഏലമ്മ ദമ്പതിമാരുടെ മൂന്നാമത്തെ മകൻ ജോസഫിന്റെ കുടുംബത്തെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങളാണ് താഴെ ചേർത്തിരിക്കുന്നത്.



**മണിയങ്ങാട്ട് തൈക്കുന്നുംപുറം ജോസഫും കുടുംബവും**

ജോസഫ് 1925 ഏപ്രിൽ 25-ന് കൊഴുവനാൽ തൈക്കുന്നുംപുറത്തു തറവാട്ടിൽ ജനിച്ചു. ജീവിതപങ്കാളി കളത്തൂർ കാക്കശ്ശേരി വർക്കി - ഏലിയാമ്മ ദമ്പതിമാരുടെ പുത്രി മറിയക്കുട്ടി 1928 ആഗസ്റ്റ് 16-നാണ് ജനനം. കൊഴുവനാൽ പള്ളിയിൽ വച്ച് 1946 നവംബർ 26-ാം തീയതി തിങ്കളാഴ്ചയായിരുന്നു ഇവരുടെ വിവാഹം. റവ. ഫാ. മാത്യു കുഴിഞ്ഞാലിൽ വിവാഹം ആശീർവദിച്ചു. വികാരി റവ. ഫാ. സക്കറിയാസ് മണ്ണൂർ ആശംസാപ്രസംഗം നടത്തി.

ഈ ദമ്പതിമാർക്ക് അഞ്ചുമക്കൾ ജാതരായി. മൂത്തമകൻ തോമസ് 1948 ആഗസ്റ്റ് 25-ന് ജനിച്ചു. പ്രായപൂർത്തിയായപ്പോൾ പങ്ങട തെക്കേക്കര ദേവസ്യാ - മോനിക്കാ ദമ്പതികളുടെ പുത്രി

മേരിയെ പാണിഗ്രഹണം ചെയ്തു. ഈ അധ്യാപകദമ്പതികൾ ചെമ്പൻതൊട്ടി നടുവിൽ യു.പി. സ്കൂളിൽ സേവനം അനുഷ്ഠിക്കുന്നു. ഇവർക്ക് ജിനേഷ് എന്നൊരു മകനും ജിഷാ എന്നൊരു മകളും ഉണ്ട്. ജിനേഷ് ബി.പി.എൽ എൻജിനീയർ. ഇപ്പോൾ ദുബായിൽ ജോലിയിലിരിക്കുന്നു. ഭാര്യ ഷീബാ ഫിസിയോ തെറാപ്പിസ്റ്റ് ആണ്. മൂന്നിലവ് വടക്കേചിറയാത്ത് ജോസഫ് - മേരിക്കുട്ടി ദമ്പതികളുടെ പുത്രി.

ജോസഫ് - മറിയക്കുട്ടി ദമ്പതിമാരുടെ മൂത്തപുത്രി എൽസി 1952 സെപ്റ്റംബർ 22-നു ഭൂജാതയായി. വിദ്യാഭ്യാസാനന്തരം കണ്ണൂർ പുലിക്കുരുമ്പ ഈരയ്ക്കമംഗലം മാത്യു - ഏലിയാമ്മ ദമ്പതിമാരുടെ ഏകപുത്രൻ വർഗീസി (തങ്കച്ചൻ) നെ ജീവിതപങ്കാളിയായി വരിച്ചു. എൽസി വർഗീസ് പുലിക്കുരുമ്പ ഹൈസ്കൂളിൽ മലയാളം സീനിയർ അധ്യാപികയാണ് ഭർത്താവ് വർഗീസ് കെ.എസ്.ആർ. റ്റി.സി.യിൽ ചെക്കിംഗ് ഇൻസ്പെകടറായി കണ്ണൂരിൽ ജോലി ചെയ്യുന്നു. ഇവരുടെ മൂത്തമകൾ ധന്യാമോൾ മൈസൂർ സെന്റ് തേരേസാസ് കോളേജിൽ എം.എസ്.എസി കഴിഞ്ഞ് ബി.എഡിന് പഠിക്കുന്നു. രണ്ടാമത്തെ സന്താനമായ അനൂപ് വർഗീസ് ബാംഗ്ലൂരിൽ എൻ.ററി.എഫ്. പാസ്സായി ആ സ്ഥാപനത്തിൽ തന്നെ ഉദ്യോഗസ്ഥനായി കഴിയുന്നു. ഇളയമകൻ അഗസ്റ്റിൻ ഉണ്ണി വർഗീസ് തളിപ്പറമ്പ് ചിന്മയാമിഷൻ ഹയർ സെക്കണ്ടറി സ്കൂളിൽ പ്ലസ്ടൂ വിദ്യാർത്ഥിയാണ്. ഇപ്പോൾ തേഞ്ഞിപ്പാലത്ത് എൻജിനീയറിംഗ് ആദ്യ വർഷ വിദ്യാർത്ഥി.

ജോസഫ് - മറിയക്കുട്ടി ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ ജോർജ് (വക്കച്ചൻ) 1955 മാർച്ച് 22-നു ജനിച്ചു. എം.എ. പാസ്സായശേഷം മോഡി ടയേഴ്സിന്റെ മീററ്റ് ശാഖയിൽ ഉദ്യോഗം സ്വീകരിച്ചു. ചങ്ങനാശ്ശേരി കുന്നന്താനം വാലോലിക്കൽ കുടുംബാംഗമായ മോളിക്കുട്ടി (റോസമ്മ) യെ ജീവിതപങ്കാളിയായി വരിച്ചു. ഈ ദമ്പതികൾക്ക് രണ്ടുമക്കൾ. മൂത്തമകൾ ദിവ്യാ ജോർജ് ന്യൂഡൽഹി ഓൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ബി.എസ്.സി. നഴ്സിംഗ് പഠനത്തിലാണ്. ഇളയമകൾ ദീപ്തി ജോർജ് പ്ലസ്ടു വിദ്യാർത്ഥിനിയും പിതാവ് വക്കച്ചൻ 1995 ഏപ്രിൽ 30 ന് അകാലചരമം പ്രാപിച്ച് ഈ കുടുംബം ചങ്ങനാശ്ശേരി വെങ്കോട്ടു താമസിക്കുന്നു.

ജോസഫ് - മറിയക്കുട്ടി ദമ്പതികളുടെ നാലാമത്തെ സന്താനമായ ഫ്രാൻസീസ് 1958 ആഗസ്റ്റ് 25-നു ജനിച്ചു. ഡിസൈൻ എൻജിനിയറിംഗു പരിശീലനം നേടി. കരിമണ്ണൂർ പൊന്മലക്കുന്നേൽ സെബാസ്റ്റ്യന്റെ പുത്രി ലിസി (കൊച്ചുത്രേസ്യാ) യാണ് സഹധർമ്മിണി. ബോംബെഡയിംഗ് ടെക്സ്റ്റെൽസിൽ മുംബെ, ദാദർ ശാഖയിൽ ഡിസൈൻ എൻജിനീയറായി ഫ്രാൻസീസ് ഔദ്യോഗികജീവിതം ആരംഭിച്ചു. ലിസ്സി ബോംബെയിൽ തന്നെ നേവി ഓഫീസ് എം.ഡി.യുടെ പി.എ. ആയും ജോലി സ്വീകരിച്ചു. ഫ്രാൻസീസ്, ഡയിംഗ് ടെക്സ്റ്റെൽസിന്റെ എക്സപോർട്ട് വിഭാഗത്തിൽ ഡപ്യൂട്ടി മാനേജരായിരിക്കുമ്പോൾ ആകസ്മികമായി 1994 ഡിസംബർ 20 -ന് മരണം സംഭവിച്ചു. ഫ്രാൻസിസ് - ലിസ്സി ദമ്പതികൾക്ക് രണ്ടു പുത്രിമാർ. ഷെറിൻ, ഷിൽ. ഇരുവരും ഹൈസ്കൂൾ തലത്തിൽ പഠിക്കുന്നു.

ജോസഫ് - മറിയക്കുട്ടി ദമ്പതികളുടെ ഇളയപുത്രി മേരിക്കുട്ടി 1961 ജൂൺ 25 നു ജനിച്ചു. ബി.എ., ബി.കോം. ബിരുദങ്ങൾ നേടിയ മേരിക്കുട്ടി ഇളംപള്ളി ഗവൺമെന്റ് ഹൈസ്കൂൾ അധ്യാപികയായി. പുളിക്കൽ കവലപള്ളി ഇടവക ആലംതിട്ട ജോസഫ് - ഏലിക്കുട്ടി മകൻ തോമസ് - മേരിക്കുട്ടിയെ ജീവിതപങ്കാളിയായി വരിച്ചു. മിലിട്ടറി സർവ്വീസിൽ ഇ.എം.ഇ വിഭാഗത്തിൽ ഇലക്ട്രീഷ്യനായ തോമസ് ഇപ്പോൾ ചെന്നൈ ആവഡിയിൽ ജോലിചെയ്യുന്നു. ഈ ദമ്പതികൾക്ക് ജൂബിൻ എന്നൊരു പുത്രനും ജിൻസി എന്നൊരു പുത്രിയും ഉണ്ട്. ഇരുവരും കൊഴുവനാൽ സ്കൂളിൽ പഠിക്കുന്നു. ജോസഫ് റ്റി. തൈക്കുന്നുംപുറം ചെറുപ്പം തൊട്ടേ കത്തോലിക്കാസഭയുമായി ബന്ധപ്പെട്ടുള്ള സാമൂഹികപ്രവർത്തനങ്ങളിലും വിമോചനസമരംപോലുള്ള അർദ്ധരാഷ്ട്രീയ പ്രസ്ഥാനങ്ങളിലും സജീവമായി പങ്കെടുത്തിരുന്നു. കൊഴുവനാൽ വിൻസെന്റു ഡി പോൾ സൊസൈറ്റിയുടെ പ്രാരംഭകാലപ്രവർത്തകരിൽ ഒരാളായിരുന്നു. അഗതിമന്ദിരത്തിന്റെ സ്ഥാപനകാര്യത്തിൽ മുന്നണി പ്രവർത്തകനുമായിരുന്നു കാൽനൂറ്റാണ്ടുകാലം തുടർച്ചയായി ഇടവകപ്പള്ളിക്കമ്മറ്റിയംഗമായും സേവനം ചെയ്തിട്ടുണ്ട്.

വാർദ്ധക്യാവശതയുണ്ടെങ്കിലും ഇപ്പോഴും പൊതുക്കാര്യങ്ങളിൽ തത്പരനായി കഴിയുന്നു.

റ്റി.റ്റി. ജോസഫിന്റെ ഭാര്യയായ മറിയക്കുട്ടി 76-ാം വയസ്സിൽ 2004 ജൂലൈ 11-ാം തീയതി നിര്യാതയായി കൊഴുവനാൽ പള്ളി സിമിത്തേരി കുടുംബകല്ലറയിൽ സംസ്ക്കരിച്ചു.

തൊമ്മൻ - ഏലമ്മ ദമ്പതികളുടെ നാലാമത്തെ സന്താനമായ തോമസിനെപ്പറ്റി ഇതിനുപരി കുറെ വിവരങ്ങൾ ചേർത്തിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ കൂടെ താഴെ ചേർക്കുകയാണ്.

തോമസ് - ഏലിയാമ്മ ദമ്പദികളുടെ മൂത്ത മകൻ തോമസ്കുട്ടി ചെറുകരക്കുന്നേൽ സ്കറിയായുടെ മകൾ റോസമ്മയെ വിവാഹം ചെയ്തു. ഇവർക്ക് ജിതിൻ, ജിബിൻ, ജിൻസി എന്നു മൂന്നുമക്കൾ.

തോമസ് - ഏലിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ, ഫാ. ജോർജുകുട്ടി തൈക്കുന്നുംപുറം തലശ്ശേരി അതിരൂപതവക മൈനർ സെമിനാരി വൈസ് - റെക്ടറാണ്. മൂന്നാമത്തെ മകൻ ഫാ. ജോസ് തൈക്കുന്നുംപുറം മണ്ടളം പള്ളി വികാരിയാണ്.

തോമസ് - ഏലിയാമ്മ ദമ്പതികളുടെ നാലാമത്തെ സന്താന മായ മേഴ്സി ആലംതിട്ട പോളിന്റെ മകൻ ദേവസ്യാച്ചന്റെ പത്നി യാണ്.

അഞ്ചാമത്തെ സന്താനമായ സെയ്നി പേരാവൂരിൽ തിരുഹൃ ദയസഭയിൽ ചേർന്ന് സന്യാസിനിയായി ഷില്ലോംഗിൽ സേവനം ചെയ്യുന്ന ആറാമത്തെ സന്താനം ഷെൽസി നഴ്സായി വടകര ആശു പത്രിയിൽ ജോലി ചെയ്യുന്നു. ഏഴാമത്തെ സന്താനം ഷോൺസി പഠനം കഴിഞ്ഞ് വീട്ടിലുണ്ട്. എട്ടാമത്തെ സന്താനമായ ടിൽസി മംഗലാപുരം മുള്ളേഴ്സ് ഹോസ്പിറ്റലിൽ നഴ്സാണ്.

തൊമ്മൻ- ഏലമ്മ ദമ്പതികളുടെ ആറാമത്തെ പുത്രനായ മത്തായി (മാത്യു) 1937 മാർച്ച് 21-നു ഭൂജാതനായി. ഇദ്ദേഹത്തെ പ്പറ്റി ഇതിനുപരി ചേർത്തിട്ടുള്ളതിൽ കൂടുതലായൊന്നും പ്രസ്താ വിക്കുവാനില്ല.

തൊമ്മൻ - ഏലമ്മ ദമ്പതികളുടെ ആറാമത്തെ പുത്രനായ ജോൺ റ്റി.റ്റി.യെപ്പറ്റിയും ഇതിനുമേൽ പരാമർശിച്ചിട്ടുണ്ടല്ലോ. കൂടു തൽ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1939 ഡിസംബറിലായിരുന്നു ജോണിന്റെ ജനനം. തളിപ്പറമ്പ് സീതി സാഹിബ് മെമ്മോറിയൽ ഹൈസ്കൂളിൽ മലയാളം

പണ്ഡിറ്റ് ആയിരുന്നു. റിട്ടയർ ചെയ്തു. ഇദ്ദേഹത്തിന്റെ ഭാര്യ ശാന്തമ്മ (മേരി) കൊല്ലം ചെമ്മക്കാട്ട് പാലവിള വീട്ടിൽ ജോർജ് - കൊച്ചുത്രേസ്യാ ദമ്പതികളുടെ ഏക പുത്രിയാണ്. കൊല്ലം ടൗൺ യു.പി. സ്കൂളിൽ അധ്യാപികയായിരുന്നു. റിട്ടയർ ചെയ്തു.

ഈ ദമ്പതികൾക്ക മൂന്നുമക്കൾ. മൂത്തയാൾ പ്രിയാമോൾ. അധ്യാപികയാണ്. ഭർത്താവ് ചെമ്മക്കാട്ടു ചെറുവിളവീട്ടിൽ ഫ്രാൻസീസ് - മേരിക്കുട്ടി ദമ്പതികളുടെ മകൻ മെൽവിൻ (ജിമ്മി). ഇദ്ദേഹം ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥനാണ്. പ്രിയാമോൾ - ജിമ്മി ദമ്പതികൾക്ക് ജിനിമോൾ, ജെറിമോൻ എന്ന രണ്ടു കുട്ടികളുണ്ട്.

ജോൺ - ശാന്തമ്മ ദമ്പതികളുടെ രണ്ടാമത്തെ സന്താനമായ പ്രിയേഴ്സ് (ടോംജോൺ) എം.ബി.ബി.എസ് കഴിഞ്ഞ് കോട്ടയം മെഡിക്കൽ കോളേജിൽ എം.ഡിയ്ക്കു പഠിക്കുന്നു.

ഇളയ മകൾ പ്രശാന്ത് എം.കോം പാസ്സായിട്ടുണ്ട്. കട്ടച്ചിറ കുളത്തൂർ തൊടിയിൽ ബോസ്കോ - ബാർബരാ മകൻ എഡ്ഗാർ ആണ് ജീവിതപങ്കാളി. ഇദ്ദേഹം കെ.എസ്.ബി.യിൽ ക്യാഷർ ആണ്.

പിതാവ് റ്റി.റ്റി. ജോൺ ഒരു അനുഗൃഹീത സാഹിത്യകാരനും ലേഖകനുമാണ്. ഇദ്ദേഹത്തിന്റെ ലേഖനങ്ങൾ മാതൃഭൂമിയിലും ദീപികയിലും മറ്റും പ്രസിദ്ധീകൃതമായിട്ടുണ്ട്. കൂടാതെ രജനീഷ് യോഗിയുടെ സെക്സിൽ നിന്നും ദൈവത്തിലേക്ക് എന്ന ഗ്രന്ഥവും പ്രൊഫസർ ലൂയികൂനിയുടെ പ്രകൃതിചികിത്സ എന്ന ഗ്രന്ഥവും മലയാളത്തിലേക്ക് വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കുറേ കാലം പാലായിലെ ഒരു പ്രമുഖ പാരലൽ കോളേജിൽ മലയാളഭാഷാധ്യാപകനായും ജോൺ പ്രവർത്തിച്ചിട്ടുണ്ട്.

തൊമ്മൻ - ഏലമ്മ ദമ്പതിമാരുടെ മൂത്തപുത്രി മറിയാമ്മയും ഇതിനുപരി പരാമർശിക്കപ്പെട്ടിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

മറിയാമ്മ - സെബാസ്റ്റ്യൻ ദമ്പതികളുടെ മൂത്ത മകൻ അബ്രാഹം (കുഞ്ഞൂട്ടി) മുത്തോലി പ്ലാത്തോട്ടത്തിൽ ചിന്നമ്മയെ വിവാഹം ചെയ്തു. ഈ ദാമ്പത്യത്തിൽ ബേബി, ജെസിമോൾ എന്ന രണ്ടുമക്കൾ പിറന്നു. ജെസ്സി കട്ടപ്പന സ്കൂളിൽ ടീച്ചറാണ്. വില്ലേജ് ഓഫീസറാണ് ഭർത്താവ്.

ഭാര്യ ചിന്നമ്മ നിര്യാതയായതിനുശേഷം അബ്രാഹം ഇഞ്ചിയാനി ചീരാംകുന്നേൽ മേരിയെ പുനർവിവാഹം ചെയ്തു മേരി സ്കൂൾ ആധ്യാപികയായിരുന്നു.

ഈ വിവാഹബന്ധത്തിൽ അബ്രാഹത്തിന് മൂന്നുമക്കളുണ്ട്. മൂത്തയാൾ ജോമോൻ കോട്ടയത്ത് കമ്പ്യൂട്ടർ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നു. രണ്ടാമത്തെ മകൻ റോബിൻസ് തക്കലരൂപതയ്ക്കുവേണ്ടി വടവാതൂർ സെമിനാരിയിൽ വൈദികപഠനം നടത്തുന്നു. ഏക മകൾ സീനാ ജനറൽ നഴ്സിംഗ് കഴിഞ്ഞ് മുതലക്കോടം ആശുപത്രിയിൽ സ്റ്റാഫ് നഴ്സ് ആണ്.

മറിയാമ്മ - സെബാസ്റ്റ്യൻ ദമ്പതികളുടെ ദ്വിതീയ പുത്രൻ തോമസ് കുഴികോടിയിൽ, കുടകശ്ശേരിൽ ഗ്രേസിക്കുട്ടിയെ പാണിഗ്രഹണം ചെയ്തു. ഈ ദമ്പതികൾക്ക് നാലു മക്കൾ.

ഇവരിൽ സുരഭി തോമസ് ഗുജറാത്തിൽ നഴ്സാണ്. സരിത ആന്ധ്രയിൽ നഴ്സിംഗ് പരിശീലനം നടത്തുന്നു. സൗമ്യ, നിമ്മി എന്നിവർ ഹയർ സെക്കണ്ടറി ക്ലാസ്സുകളിൽ പഠിക്കുന്നു.

പിതാവ് തോമസ് ഇടവക സൺഡേ സ്കൂൾ അധ്യാപകനുമാണ്.

മറിയാമ്മ- സെബാസ്റ്റ്യന്റെ മൂന്നാമത്തെ പുത്രൻ ജോസ് കരിമ്പാനി തോലാനിക്കൽ കുടുംബാംഗമായ സെലിനെ സ്വകുടുംബിനിയാക്കി. ഈ ദമ്പതികൾക്ക് നവ്യ, രമ്യ, ചിഞ്ചു എന്നു മൂന്നുമക്കൾ. നവ്യ വിജയവാഡയിൽ നഴ്സിംഗ് പഠനം പൂർത്തിയാക്കി. രമ്യ മുട്ടുചിറ എച്ച്.ജി.എം. നഴ്സിംഗ് സ്കൂളിൽ പഠിക്കുന്നു. ചിഞ്ചു ഹൈസ്കൂളിലും പഠിക്കുന്നു.

മറിയാമ്മ സെബാസ്റ്റ്യൻ ദമ്പതികളുടെ മൂന്നാമത്തെ മകൾ റോസമ്മ പന്തത്തല പുത്തൻപുരയ്ക്കൽ ജോസിന്റെ സഹധർമ്മിണിയാണ്. ഈ ദമ്പതികളുടെ മൂത്തമകൾ സിജി ലാബറട്ടറിടെക്നീഷ്യൻ കോഴ്സ് പാസ്സായി. ഭർത്താവും കമ്പ്യൂട്ടർ ടെക്നീഷ്യനാണ്. ഇരുവരും അമേരിക്കയിലാണ്.

രണ്ടാമത്തെ മകൾ സീനാ ഡൽഹിയിൽ സ്റ്റാഫ് നഴ്സ് ആണ്. ഏക മകൻ സിജോ തിരുവനന്തപുരം ഗവ. എൻജിനീയറിംഗ് കോളേജിൽ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥിയാണ്.

മറിയാമ്മ സെബാസ്റ്റ്യന്റെ രണ്ടാമത്തെ മകൾ പെണ്ണി (സി. ലിൻസി മരിയാ സി.എം.സി.) ഇപ്പോൾ മണിപ്പൂരിൽ സേവനം അനുഷ്ഠിക്കുന്നു.

മൂന്നാമത്തെ മകൾ മേരി (സി. ധന്യ സി.എം.സി.) മുണ്ടാങ്കൽ കർമ്മലീത്താമഠത്തിൽ സന്യസ്തജീവിതം നയിക്കുന്നു. വചനപ്രഘോഷണത്തിലും വ്യാപൃതയാണ്. യു.പി.എസിൽ അദ്ധ്യാപികയുമാണ്.

മറിയാമ്മ - സെബാസ്റ്റ്യന്റെ ഇളയമകൾ ആനിയമ്മ എം.എ. ബി.എഡ്. കുറുപ്പന്തറ സെന്റ് സേവ്യേഴ്സ് ഹൈസ്കൂൾ അധ്യാപികയാണ്. രത്നഗിരിപ്പള്ളി ഇടവക കാവുംതോലിൽ ജോയിയാണ് കണവൻ. ബിരുദധാരിയായ ജോയി ചില വ്യവസായസംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. ഈ ദമ്പതികൾക്ക് മുത്ത്, ബെവിൻ, മാനുവൽ എന്ന മൂന്നുകുട്ടികളുണ്ട്. സാഹിത്യകാരനായ മാത്യുസ് രത്നഗിരി ജോയിയുടെ ജ്യേഷ്ഠസഹോദരനാണ്.

ഇവരുടെ പിതാവ് കുഴികോടിയിൽ സെബാസ്റ്റ്യൻ 2003 മെയ് 3-ന് അന്തരിച്ചു. തൊമ്മൻ- ഏലമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രി റോസമ്മയുടെ പേരുവിവരങ്ങളും ഇതിനുമുമ്പ് പരാമർശിക്കപ്പെട്ടിട്ടുണ്ട്. കുരോപ്പട കാവുങ്കൽ ഉലഹന്നൻ - മറിയം മകൻ ഉലഹന്നൻ (കൊച്ചുട്ടി) ആണ് റോസമ്മയുടെ ഭർത്താവ്. ഈ ദമ്പതികൾക്ക് മൂന്നു മക്കൾ. മൂത്ത മകൻ ജോസ് വിവാഹിതനായി. വെട്ടിമുകൾ ഇടവക കൊച്ചുപുരയ്ക്കൽ ആലീസാണ് ഭാര്യ. ജോസ് - ആലീസ് ദമ്പതികൾക്ക് ഒരു മകൻ ജോമോൻ.

രണ്ടാമത്തെ മകൻ തോമസും വിവാഹിതൻ. ഭാര്യ വത്സമ്മ മറ്റകര സ്വദേശിനി. ഈ ദമ്പതികൾക്ക് രണ്ടുകുട്ടികൾ. ജെഫ്രിമോനും, ജിസ്മിയും ഇരുവരും പഠിക്കുന്നു.

റോസമ്മ - ഉലഹന്നൻ ദമ്പതികളുടെ ഏക പുത്രി മേരി ആറുമാനൂർ കുത്തിയതോട്ടിൽ കുഞ്ചിരക്കാട്ട് ബേബിയുടെ കുടുംബിനിയാണ്. ഇവർക്ക് മൂന്നുമക്കൾ. മൂത്തവരായ ബബിനും ബജിലിയും നഴ്സിംഗ് പഠിക്കുന്നു. ഇളയ മകൻ ജുബിൻ ഹൈസ്കൂളിലും.

തൊമ്മൻ- ഏലമ്മ ദമ്പതികളുടെ ഇളയ മകൾ ഏലക്കുട്ടി അവിവിവാഹിതയായി സഹോദരൻ ജോസഫിന്റെ കൂടെ തറവാട്ടിൽ

സ്വസ്ഥജീവിതം നയിക്കുന്ന കാര്യം മുൻപ് സൂചിപ്പിച്ചിട്ടുണ്ടല്ലൊ. കുറെക്കാലം ഇടവക സൺഡേസ്കൂൾ അധ്യാപികയായിരുന്നു. ലീജിയൻ ഓഫ് മേരി, ഫ്രാൻസിസ്ക്കൻ മൂന്നാംസഭ തുടങ്ങിയ ഭക്ത സംഘടനകളിലും പ്രവർത്തിച്ചിരുന്നു. ആരോഗ്യം അനുവദിക്കുന്നിടത്തോളം ഇപ്പോഴും ഈ ദൃശപ്രവർത്തനങ്ങളിൽ വ്യാപൃതയായിരിക്കുന്നു. ഏലിക്കുട്ടി.

തൈക്കുന്നും പുറത്തു കുര്യൻ - റോസ ദമ്പതിമാരുടെ ഇളയ മകനും കുഞ്ഞുകൊച്ച് എന്നുവിളിപ്പേരിൽ അറിയപ്പെട്ടിരുന്നയാളുമായ കുര്യൻ നെടുംതകിടി കുടുംബാംഗമായ അന്നമ്മ. ഭാര്യയോടൊത്ത് തൈക്കുന്നുംപുറത്തു തയ്യിൽ പുരയിടത്തിൽ താമസിച്ചു. ഈ ദമ്പതികൾക്ക് ആറുമക്കൾ; നാല് ആണും, രണ്ടുംപെണ്ണും. മക്കളെ എല്ലാവരെയും യഥാകാലം ജീവിതാന്തസ്സിൽ പ്രവേശിപ്പിക്കുവാൻ പിതാവിനു ഭാഗ്യമുണ്ടായില്ല രോഗബാധിതനായി 1922 മെയ് 14-ന് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. ഈ സാഹചര്യത്തിൽ അനുജന്റെ കുടുംബകാര്യങ്ങളുടെ നടത്തിപ്പും ജ്യേഷ്ഠൻ തൊമ്മൻ എന്ന വലിയ കൊച്ചിന്റെ ചുമതലയിലായി.

കുര്യൻ-അന്നമ്മ ദമ്പതികളുടെ മൂത്തമകൾ റോസമ്മയെ അരുണാപുരം പുത്തേട്ട് ചാക്കോ - ഏലിയാമ്മ മകൻ ജോസഫ് (കൊച്ച്) വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഏലിക്കുട്ടി, ചാക്കോ, അന്നമ്മ, പാപ്പു, വർക്കി, ഏലിയാമ്മ, കുഞ്ഞ്, തെയ്യാമ്മ (സി. ജോൺസിയ) തോമ്മാച്ചൻ, റോസക്കുട്ടി എന്നിങ്ങനെ പത്തുമക്കൾ ജാതരായി.

കുര്യൻ-അന്നമ്മ ദമ്പതികളുടെ മൂത്തമകൻ കുര്യൻ (കുഞ്ഞാപ്പൻ) കുമ്മണ്ണൂർ കക്കാട്ടിൽ ഉലഹന്നൻ - മറിയം മകൾ മറിയാമ്മയെ ജീവിതപങ്കാളിയാക്കി. ഈ ദാമ്പത്യബന്ധത്തിൽ അന്നക്കുട്ടി കുഞ്ഞ് (കുര്യൻ) അപ്പച്ചൻ എന്ന മൂന്നു സന്താനങ്ങൾ ജനിച്ചു.

കുഞ്ഞാപ്പന്റെ ആദ്യ ഭാര്യ മറിയാമ്മ മരണം പ്രാപിച്ചതിനെ തുടർന്ന് തോടനാൽ പന്തപ്ലാക്കൽ കുടുംബാംഗമായ ത്രേസ്യയെ പുനർവിവാഹം ചെയ്തു. ഈ വിവാഹത്തിൽ ആഗസ്തി എന്ന മകൻ ജനിച്ചു.

1949-ൽ ഈ കുടുംബം മലബാറിൽ ഇരിട്ടിയടുത്ത് കിളിയന്തറയിലേക്കു കുടിയേറി. അവിടെവച്ച് കുഞ്ഞുകൊച്ചിന്റെ ഭാര്യ കുടും

ബകാരണവത്തി അന്നമ്മ 1966 ജൂലൈ 10-ാം തീയതി പരലോക പ്രാപ്തയായി.

കുഞ്ഞാപ്പന്റെ മൂത്തമകൾ അന്നക്കുട്ടിയെ ആലക്കോട്ട് തണ്ണിപ്പാറ കുടുംബാംഗമായ കുഞ്ഞൂട്ടി കല്യാണം കഴിച്ചു.

ഇവർക്ക് മൂന്നുമക്കളുണ്ട്

കുഞ്ഞാപ്പന്റെ മൂത്തമകൻ കുഞ്ഞ് (കുര്യൻ) മാളോല ഔസേപ്പു - മറിയം മകൾ മേരിയെ വിവാഹം ചെയ്തു. ഇവർക്ക് മൂന്നുപെണ്ണും രണ്ടാണും ഉൾപ്പെടെ അഞ്ചുമക്കൾ.

പിതാവു കുഞ്ഞാപ്പൻ 1982 ൽ 72-ാം വയസ്സിലും മകൻ കുഞ്ഞ് 1999 ലും പരലോകപ്രാപ്തരായി.

കുഞ്ഞാപ്പന്റെ രണ്ടാമത്തെ മകൻ ഉലഹന്നൻ (അപ്പച്ചൻ) കിളിയന്തറ വള്ളിക്കോട്ടു താമസിക്കുന്നു. കുട്ടിയമ്മയാണ് ഭാര്യ. മൂന്നു മക്കളുണ്ട്.

കുഞ്ഞാപ്പന്റെ രണ്ടാംവിവാഹത്തിലെ ഏകമകൻ ആഗസ്തി (കൊച്ച്) ഇരിട്ടി ചൊള്ളാമ്പുഴ കുടുംബത്തിൽ നിന്ന് മേരിക്കുട്ടിയെ വിവാഹം കഴിച്ചു. ഇവർക്ക് ഒരു പുത്രനും ഏഴുപുത്രിമാരും സന്താനങ്ങളായുണ്ട്. പുത്രിമാരിൽ രണ്ടുപേർ സന്യാസിനികളായി അർപ്പിത ജീവിതം നയിക്കുന്നു. മറ്റുള്ളവർ വിദ്യാഭ്യാസത്തിന്റെ വിവിധ തലങ്ങളിലാണ്.

കുര്യൻ- അന്നമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ തൊമ്മൻ പാലായിൽ പുളിക്കാട്ട് കുടുംബത്തിൽ കുഞ്ഞപ്പൻ - അന്ന ദമ്പതികളുടെ പുത്രി റോസമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതിമാർക്ക് നാലു പുത്രന്മാരും രണ്ടുപുത്രിമാരും ഉണ്ട്. ഈ കുടുംബം കുറ്റിയാടി കൂരാചുണ്ടു ഇടവകാതിർത്തിക്കുള്ളിൽ താമസിക്കുന്നു. മലബാറിൽ കുടിയേറി അധികനാൾകഴിയും മുമ്പ് 1956 ഒക്ടോബർ 18 -ാം തീയതി പിതാവ് തൊമ്മൻ മരണമടഞ്ഞു.

കുടുംബനാഥന്റെ ആകസ്മിക നിര്യാണം കുടുംബത്തിന് വലിയ ആഘാതമായെങ്കിലും മാതാവ് റോസമ്മയുടെ കഠിനാധ്വാനവും ദൈവാശ്രയബോധവും കക്ഷിക്കു കരുത്തുപകർന്നു. കുടുംബത്തിന് ഐശ്വര്യവും പുരോഗതിയും കൈവന്നു.

മൂത്തമകൾ അന്നമ്മ (പെണ്ണമ്മ) തിരുമേനിയിൽ വരിക്കപ്ലാന്തടം സെബാസ്റ്റ്യന്റെ കുടുംബിനിയായി. ജോണി, കുട്ടിയച്ചൻ, റെജി, ലിസമ്മ, മിനി എന്നിവർ മക്കൾ.

രണ്ടാമത്തെ മകൾ ഏലിക്കുട്ടിയെ കുന്നപ്പള്ളി മാനുവൽ വിവാഹം കഴിച്ചു. ഇവർക്ക് ആറുമക്കൾ സൂസമ്മ ബി.എ. ക്കാരിയാണ് ബെന്നി ഐ.റ്റി.ഐ. പാസ്സായി. ഗ്രേസമ്മ, ജയിനമ്മ, ജയിസൺ, വിനീഷ് എന്നിവർ വിദ്യാർത്ഥികളാണ്.

മൂത്തമകൻ പാപ്പച്ചൻ ഭാര്യ അന്നക്കുട്ടിയുമായി കൂരാചുണ്ടിൽ താമസിക്കുന്നു. ഇവർക്ക് ഏഴുമക്കളുണ്ട്. ഇവരിൽ മോളി വിവാഹിതയാണ്. കാവുംകണ്ടം വാഴക്കാലായിൽ ജോസ് ആണ് കണവൻ. ബോബി, മേരി, ലില്ലിക്കുട്ടി, ജെസ്സി, ബാബു, ബിജു എന്നിവരാണ് മറ്റു മക്കൾ ലില്ലിക്കുട്ടി ബി.ഫാം പാസ്സായി മറ്റുള്ളവർ പഠിക്കുന്നു.

രണ്ടാമത്തെ മകൻ കുട്ടിയച്ചൻ (തോമസ്) വൈദികപഠനം പൂർത്തിയാക്കി തലശ്ശേരി രൂപതാ വൈദികനായി പിന്നീടു മാനന്തവാടി രൂപതയിൽ ചേർന്നു. ഫാ. തോമസ് തൈക്കുന്നുംപുറം ഇപ്പോൾ ബത്തേരി ഫൊറോനാവികാരിയായി ഇടയശുശ്രൂഷ നിർവഹിക്കുന്നു.

മൂന്നാമത്തെ മകൻ ജോസ് ബി.എസ്.സി. കഴിഞ്ഞ് മെഡിക്കൽ കോളേജിൽ പഠിച്ച് എം.ബി.ബി.എസ് പാസ്സായി. വടകരയിൽ സ്വന്തമായി മെഡിക്കൽ ഡിസ്പെൻസറി നടത്തുന്നു. ഭാര്യ തൃശൂർ ചാലിശ്ശേരി പുലിക്കോട്ടിൽ കുടുംബാംഗമായ മേഴ്സിയും ബി.എസ്.എസി., എം.ബി.ബി.എസ്സ് ആണ് മേഴ്സിയും ഭർത്താവുമൊന്നിച്ച് ഡിസ്പെൻസറിയിൽ പ്രവർത്തിക്കുന്നു. ഈ ഡോക്ടർ ദമ്പതിമാർക്ക് ലിനോമോൻ എന്നൊരു പുത്രനുണ്ട്.

നാലാമത്തെ മകൻ മാത്യു (മത്താച്ചൻ) കുറ്റിയാടി കൂരാച്ചുണ്ട് ഇടവകാതിർത്തിക്കുള്ളിൽ താമസിക്കുന്നു. കൂടരത്തി മാഞ്ചിറ കുടുംബാംഗമായ മേരിയാണ് സഹധർമ്മിണി. സിൽവി, ഷാജി, സ്റ്റെല്ലാ എന്നു മൂന്നു മക്കൾ. എല്ലാവരും വിദ്യാഭ്യാസം ചെയ്യുന്നു.

ഈ കുടുംബങ്ങളുടെ പൊതു മാതാവ് റോസമ്മ മത്തച്ചന്റെ ഭവനത്തിൽ വച്ച് 1995-ൽ നിര്യാതയായി.

ജോസഫ് കുര്യൻ (കുട്ടി) തെക്കുന്നുംപുറം. ഇദ്ദേഹം കിളിയന്തറയിൽ താമസിക്കുന്നു. ഭാര്യ കരിമ്പാനി പുളിക്കക്കുന്നേൽ ഫിലിപ്പ് – ഏലി ദമ്പതികളുടെ മകൾ മോനിക്കാ. ഈ ദമ്പതികൾക്ക് പന്ത്രണ്ടു മക്കളുണ്ട്.

ഇവരിൽ അന്നക്കുട്ടി അങ്ങാടിക്കടവു പൊതീട്ടേൽ ഫിലിപ്പിന്റെ കുടുംബിനിയാണ്. അന്നക്കുട്ടി ഫിലിപ്പ് ദമ്പതികൾക്ക് 6 മക്കൾ.

മൂത്തപുത്രൻ കുര്യൻ ചക്കാംകുന്നേൽ കുടുംബത്തിൽ നിന്ന് മേരിയെ പാണിഗ്രഹണം ചെയ്തു. ഈ ദമ്പതികൾക്ക് രാജേഷ്, അജീഷ്, നിഷ എന്ന മൂന്നു മക്കളുണ്ട്.

മറ്റൊരു പുത്രൻ ഫിലിപ്പ് നെല്ലിക്കാംപോയിൽ ശ്രാകത്തുവീട്ടിൽ നിന്ന് തെയ്യാമ്മയെ പരിണയിച്ചു. ഇവർക്ക് രണ്ടുമക്കളാണുള്ളത്. ബിജു, സിന്ധു, സിന്ധു വിദേശത്ത് നഴ്സ് ആണ്.

നാലാമത്തെ സന്താനമായ ജോസ് തറക്കുന്നേൽ കുടുംബാംഗമായ മേരിയെ സഹധർമ്മിണിയാക്കി. ഈ ദമ്പതിമാർക്ക് ബിന്ദു, ബിനേഷ്, ലാലി, മഞ്ജു എന്നു നാലു മക്കളുണ്ട്. മക്കൾ പഠിക്കുകയാണ്.

അഞ്ചാമനായ മാത്യുവിന്റെ കുടുംബിനി ചെമ്പകശ്ശേരിൽ കുടുംബത്തിലെ മേരിയാണ്. ഷീന, ഷീജ, ഷിബി എന്നിവരാണ് മക്കൾ.

ആറാമത്തെ സന്താനമായ തോമസ് പൊരുന്നക്കോട്ടു ലൂസിയെ സ്വകുടുംബിനിയായി വരിച്ചു. വിദ്യാർത്ഥികളായ ജയ്സൺ, മോനിക്കാ എന്നിവർ മക്കളാണ്.

ഏഴാമത്തെ സന്താനമാണ് സിസ്റ്റർ എലിസബത്ത് ചെമ്പറ കുളത്തുവയൽ വിമലാലയം കോൺവെന്റിൽ സന്യസ്തജീവിതം നയിക്കുന്നു.

എട്ടാമനായ ജോൺ (അപ്പച്ചൻ) താഴത്തേൽ കുടുംബത്തിൽ നിന്നു സോഫിയാമ്മയെ ജീവിതപങ്കാളിയായി സ്വീകരിച്ചു. വിദ്യാർത്ഥികളായ ഷെൽജിയും, ഷെമിയും ആണ് മക്കൾ.

ഒൻപതാമത്തെ സന്താനമായ മാണി കട്ടയ്ക്കൽ കുടുംബത്തിൽ നിന്ന് അന്നമ്മ (കുട്ടിയമ്മ)യെയാണ് കുടുംബിനിയാക്കിയത്. ഇവർക്ക് ഒരു മകളുണ്ട്.

പത്താമത്തെ സന്താനമായ ലൂസിയെ ചെമ്പേരി കണ്ടത്തുംക രവീട്ടിൽ ജോസഫ് വിവാഹംചെയ്തു. ഗിൽസ്, സിംഗിൽ എന്ന രണ്ടു മക്കൾ ഇവർക്കുണ്ട്.

പതിനൊന്നാമത്തെ സന്താനമായ മേരി മാങ്കോട്ട് സ്കൂൾ അധ്യാപികയാണ്. കല്ലക്കാവുങ്കൽ സാബുവാണ് ജീവിത പങ്കാളി. അഗസ്റ്റിൻ ഏകമകനാണ്.

പന്ത്രണ്ടാമത്തെ സന്താനമായ സെമിൽ ജോസഫും വിവാഹിതയായി.

കുര്യന്റെയും അന്നമ്മയുടെയും രണ്ടാമത്തെ സന്താനമായ അന്നമ്മയെ മറ്റക്കര ചൂരാപ്പുഴ ജോസഫ് - ഏലി ദമ്പതികളുടെ പുത്രൻ ജോസഫ് വിവാഹം ചെയ്തു. ഈ കുടുംബവും കിളിയന്തറയിൽ താമസമാക്കി. ഇവർക്ക് ഏലിയാമ്മ, പാപ്പച്ചൻ, ആനി, ജോസ് എന്നിവരാണ് മക്കൾ. പാപ്പച്ചൻ മട്ടന്നൂർ ടെലിഫോൺ ആഫീസ് ജോലിക്കാരനാണ്. ആനി അധ്യാപികയും ജോസ് ഭോപ്പാലിൽ കമ്പനി ഉദ്യോഗസ്ഥനുമാണ്. മാതാവ് അന്നമ്മ 1977 ലും പിതാവ് ജോസഫ് 1982-ലും ഇഹലോകവാസം വെടിഞ്ഞു.

കുര്യൻ - അന്നമ്മ ദമ്പതികളുടെ ആറാമത്തെ സന്താനമായ മത്തായി ആനിക്കാട്ട് വണ്ടനാനിക്കൽ ചാക്കോ - മറിയം മകൾ മറിയാമ്മയെ ജീവിതപങ്കാളിയാക്കി. ഇവർക്ക് രണ്ടുപുത്രിമാരാണുള്ളത്.

മൂത്തപുത്രി അന്നമ്മ (കുട്ടിയമ്മ) ബി.എ. ബി.എഡ്. യു.പി. സ്കൂൾ അധ്യാപികയാണ്. ചന്ദനയ്ക്കാംപാറ, പൈസകരി ഹൈസ്കൂൾ അധ്യാപകൻ കൊച്ചുകരിപ്പായിൽ തോമസ്- മറിയം മകൻ മൈക്കിൾ ആണ് കണവൻ. ഈ അദ്ധ്യാപക ദമ്പതികൾക്ക് അഭിലാഷ് (ആൽബർട്ടു മൈക്കിൾ) ആൽഫി, മൈക്കിൾ (ബിന്ദു) എന്നു രണ്ടുമക്കൾ ഉണ്ട്. അഭിലാഷം ഡി.ഫാം. കോഴ്സിനും ആൽഫി ബി.എസ്.സി. നഴ്സിംഗിനും പഠിക്കുന്നു. മൈക്കിൾ കുറെക്കാലം സ്ഥലം കോൺഗ്രസ് മണ്ഡലം പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്.

മത്തായി- മറിയാമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രി ജയാ മാത്യു 1968 സെപ്റ്റംബർ 28-നു ഭൂജാതയായി. വിദ്യാഭ്യാസനന്തരം കൊഴുവനാൽ സെന്റ് ജോൺസ് യു.പി. സ്കൂൾ അധ്യാപികയായി. മരങ്ങാട്ടുപിള്ളി, നാളികാട്ട് വർഗീസ് - അന്നമ്മ മകൻ ജോൺ 1994 ജനുവരി 28-ാം തീയതി ജയയെ പാണിഗ്രഹണം ചെയ്തു. 1965 ഡിസംബർ 27-ന് ആണ് ജോൺ ജനിച്ചത്. ജയാ - ജോൺ ദമ്പതികൾക്ക് ജ്യോതിസ്, ആഗ്നസ് (അനു, ജോസ) മാത്യു - ജോൺ (ഡിലീസ്) എന്നു മൂന്നു മക്കളുണ്ട്.